# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -167 27.02.2017 ൽ മറുപടിയ്ക്ക്

## രസീലയുടെ കൊലപാതകം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.ടി.എ. റഹീം | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | മലയാളി സോഫ്റ്റ് വെയർ എഞ്ചിനീയർ കുന്ദമംഗലം പയിമ്പ്ര സ്വദേശി രസീല പൂനെ ഇൻഫോസിസ് ഓഫീസിൽ കൊല്ലപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ആവശ്യമായ സുരക്ഷാ സൗകര്യങ്ങളൊരുക്കാതെ സ്ത്രീ ജീവനക്കാരെ ഒറ്റയ്ക്ക് രാത്രിയിൽ ജോലി ചെയ്യിക്കുന്നത്, ഇത്തരം ദുരന്തങ്ങൾക്കിടയാക്കുമെന്ന പരാതി പരിഹരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് രാത്രികാലങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ ജീവനക്കാരുടെ സുരക്ഷയ്ക്കായി ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകിവരുന്നുണ്ട്. |
| (സി) | രസീല കൊല്ലപ്പെടാനിടയായ സാഹചര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഇൻഫോസിസ് അധികൃതരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച കണക്കിലെടുത്ത് കമ്പനിക്കെതിരെ നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിലും ബന്ധപ്പെട്ട സംസ്ഥാന സർക്കാരിലും സമ്മർദ്ദം ചെലുത്തുമോ ; | (സി), (ഡി) & (ഇ) | ഇക്കാര്യം പ്രത്യേക പ്രാധാന്യം നൽകി പരിശോധിച്ചുവരുന്നു. |
| (ഡി) | രസീലയുടെ കുടുംബത്തിന് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | | |
| (ഇ) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ.